(ബി) എത്ര രൂപ ആയിരുന്നു അനുവദിച്ചത് ;

(സി) ഈ തുക ലാപ്സായിട്ടുണ്ടെങ്കിൽ എന്താണ് കാരണം ;

(ഡി) ഇതിനുത്തരവാദികളായവർക്കെതിരെ ഗവൺമെന്റ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ ബി) ഉണ്ട്. 1983-84 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി വകക്കൊള്ളിച്ചിരുന്നില്ല. 1984-85 മുതൽക്കാണ് ഇത് നടപ്പിലാക്കി തുടങ്ങിയത്.

(സി ഡി) ചോദ്യം ഉദിക്കുന്നില്ല.

അമിത പലിശ ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ

1256. [1714] ശ്രീ. കെ. പി. എ. മജീദ് :

,, നാലകത്ത് സൂപ്പി :

,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അമിത പലിശ ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ആർക്കാണ് അധികാരമുള്ളത് ;

(ബി) നിലവിലുള്ള സംവിധാനം ഫലപ്രദമല്ലാത്തതിനാൽ ഇതിനു വേണ്ടി ഒരു പ്രത്യേക സ്കാഡ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) കാർഷികാദായ വിൽപ്പന നികുതി വകുപ്പിലെ സെയിൽസ് ടാക്സ് ആഫീസർമാർക്കാണ് ഈ അധികാരമുള്ളത്.

(ബി) മണിലെൻഡേഴ്സ് ആക്ട് നടപ്പിലാക്കുന്നതിന് കാർഷികാദായ വിൽപ്പന നികുതി വകുപ്പിനുകൂടുതൽ സ്റ്റാഫിനെ അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

പീഡിത കയർ സഹകരണസംഘങ്ങൾ

1257. [1715] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളിൽ പീഡിത സംഘങ്ങളെ പുനരുദ്ധീകരിക്കുന്നതിനുള്ള ഗവൺമെന്റ് നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കയർ സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം പീഡിത സഹകരണസംഘങ്ങളെന്നൊരു തരംതിരിവ് നിലവിലില്ല. അംഗീകരിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് വയബിലിറ്റി പൊട്ടൻഷ്യലി വയബിലിറ്റി, നോൺ വയബിലിറ്റി എന്നീ മൂന്നിനങ്ങളായിട്ടാണ് സംഘങ്ങളെ തരംതിരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly